# പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1236   12.06.2014 ൽ മറുപടിക്ക്**

## കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച് നടപ്പാക്കാത്ത പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എളമരം കരീം** | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പു മന്ത്രി)** |
| എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന പൊതു മരാമത്ത് വകുപ്പിലെ ഏതെല്ലാം പദ്ധ-തികളാണ് നടപ്പിലാക്കാൻ കഴിയാതെ പോയതെന്നും ഇതിനുള്ള കാരണ-ങ്ങൾ എന്തെന്നും വ്യക്തമാക്കാമോ; | എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന പൊതുമരാമത്ത് വകപ്പിലെ നടപ്പിലാക്കാൻ കഴിയാത്ത പദ്ധതികൾ ചുവടെ ചേർക്കുന്നു<br>1.ആലുവ മണപ്പുറത്തിന് സ്ഥിരം പാലം.<br>2.കോഴഞ്ചേരി, ചെങ്ങന്നൂർ, സുൽത്താൻബത്തേരി ബൈപ്പാസുകളുടെ നിർമ്മാണം<br>3. ബസ് സ്റ്റേഷൻ റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ കാൽനടക്കാർക്ക് അണ്ടർപാസ്,ബൈപ്പാസ് എന്നിവയുടെ നിർമ്മാണം<br>4.കുമരകം-നെടുമ്പാശ്ശേരി സ്റ്റേറ്റ്ഹൈവേ നിർമ്മാണം.<br>5.ആനകാംപൊയിൽ കള്ളാടി മേപ്പാടി ടണൽ റോഡ്<br>6. ഫ്രീ ഫാബ് ടെക്നോളജി<br>7. തിരുവനന്തപുരത്ത് പി ഡബ്ല്യൂ ഡി കോംപ്ലക്സ് കെട്ടിട നിർമ്മാണം<br>8.എം എൽ എ ഹോസ്റ്റലിന്റെ നവീകരണം.<br>9.നേര്യമംഗലം ട്രയിനിങ്ങ് സെന്ററിന്റെ നവീകരണം<br>ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമം പൂർത്തിയാകാത്തതിലുള്ള കാലതാമസം കൊണ്ടാണ് പദ്ധതികൾ നടപ്പിലാക്കാൻ കഴിയാത്തത്. |

| | | | |
|---|---|---|---|
| ബി) | ഈ പദ്ധതികൾക്ക് ബജറ്റിൽ തുക വകയിരുത്തിയിരുന്നോയെന്ന് വ്യക്തമാക്കുമോ; | ബി) | തിരുവനന്തപുരത്തെ പി ഡബ്ല്യൂ ഡി കോംപ്ലക്സ് കെട്ടിട നിർമ്മാണം, നേര്യമംഗലം ട്രയിനിങ്ങ് സെന്ററിന്റെ നവീകരണം എന്നിവയ്ക്ക് ബജറ്റിൽ തുക വകയിരുത്തിയിരുന്നില്ല . |
| സി) | യഥാസമയം ഫണ്ട് ലഭിക്കാത്ത താണോ പദ്ധതി നടപ്പാക്കാൻ കഴി-യാത്തതിന്റെ കാരണമെന്ന് വ്യക്തമാ-ക്കാമോ? | സി) | അല്ല. നടപടിക്രമങ്ങൾ പൂർത്തിയാകാത്തതിനാലാണ് പദ്ധതികൾ ആരംഭിക്കാൻ കഴിയാത്തത്. |

സെക്ഷൻ ഓഫീസർ